# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 509** **03.03.2020 ൽ മറുപടിക്ക്**

## ഖാദി വസ്ത്രങ്ങൾക്ക് കൂടുതൽ പ്രചരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) | ഖാദി വസ്ത്രങ്ങൾക്ക് കൂടുതൽ പ്രചരണം ലഭിക്കുന്നതിനായി ഖാദി-ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടത്തുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ചരിത്രത്തിലാദ്യമായി നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റു സർക്കാർ എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സ്കൂൾ യൂണിഫോമുകൾ ഖാദിയിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ സ്കൂൾ യൂണിഫോമുകൾ ഖാദിയിലേക്ക് മാറ്റുന്നതിന് പ്രത്യേകം പദ്ധതികളില്ല. എന്നാൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഖാദി സ്കൂൾ യൂണിഫോമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തുള്ള സ്കൂൾ അധികൃതരുമായി ചർച്ച നടത്തി വരുന്നു. |

(സി) യുവതലമുറയുടെ അഭിരുചിക്കനുസരിച്ചുള്ള ഖാദി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ഖാദി ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നു; വിശദമാക്കുമോ?

(സി) യുവതലമുറയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. അതനുസ്സരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. വിവാഹ സമയത്ത് വധുവിനാവിശ്യമായ സിൽക്ക് സാരികൾ അവരുടെ ഡിസൈൻ അനുസ്സരിച്ച് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ